പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1387 | 02/03/2017 ൽ മറുപടിയ്ക്ക്

# പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടി പൂർത്തിയായിട്ടില്ല. 2017 ജനുവരി 31 വരെ നടന്നിട്ടുളള സർവ്വേ സംബന്ധിച്ച പുരോഗതി ചുവടെ ചേർക്കുന്നു.<br>1. കടകംപളളി വില്ലേജ് ഇരുവശവും കൂടി 4.9496 കി.മീ.<br>2.മുട്ടത്തറ വില്ലേജ് ഇരുവശവും കൂടി 6.075 കി.മീ.<br>3.പേട്ട വില്ലേജ് ഇരുവശവും കൂടി 3.20 കി.മീ. |
| (ബി) സർവ്വേയിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) ഇതുവരെ 312 കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) കൈയ്യേറ്റക്കാർ ഭൂരഹിതരും ഭവന രഹിതരുമാണോ എന്നുളള അന്വേഷണം വില്ലേജാഫീസർ മുഖാന്തിരം നടന്നു വരുന്നു. ആയതിന് ശേഷം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ